സെന്റ് മേരീസ് വി. എച്ച്. എസ്. എസ്. വലിയകുന്നം

തീയാടിക്കൽ പി. ഒ, 689613

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

ST. MARY'S V.H.S. SCHOOL
THEODICAL P.O.
KERALA - 689 613
VALIYAKUNNAM

Sreelekshmi

HM In Charge
St. Mary's V.H.S. School
Valiyakunnam
Theodical P.O.- 689 613

## ആമുഖം

പത്തനംതിട്ട ജില്ലയുടെ വടക്ക് മല്ലപ്പള്ളി താലൂക്കിലെ ഒരു മലയോര ഗ്രാമമാണ് കുന്നന്താനം. വലിയകുന്നം എന്ന മലയുടെ ഒരു ഭാഗമാണിവിടം. 1920 ല് ഒരു ഇംഗ്ലീഷ് മീഡിയ് സ്കൂളായി ആരംഭിച്ചു 1949 ല് ഹൈസ്കൂളായ 1997 ല് വൊക്കേഷണല് ഹയർ സെക്കണ്ടറിയായും ഉയർത്തി കുറ്റിക്കണ്ടത്തിൽ റവ.ഫാദർ കെ.സി അലക്സാണ്ടറാണ് ഈ വിദ്യാലയം ആരംഭിച്ചത് ഇന്ന് ഇത് വൊക്കേഷണൽ ഹയർ സെക്കണ്ടറിയായി ഉയർന്ന് നില നിൽക്കുന്നു.

## ചരിത്രം

അചഞ്ചലമായ ദൈവ വിശ്വാസവും അശ്രാന്ത പരിശ്രമവും കർമ്മ ധീരതയും കൊണ്ട് അനുഗ്രഹീതനായ റവ. ഫാദർ കെ.സി അലക്സാണ്ടറുടെ ശ്രമഫലമായി 1920 ൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളായി ആരംഭിച്ചു. 1997 ൽ ഹയർ സെകണ്ടറി പദവിയിലെത്തി. മാനേജർ ആയിരുന്ന ശ്രീ. അനിൽ ജോർജിന്റെ നിര്യാണത്തെ തുടർന്ന് ശ്രീമതി. സരസു അനിൽ ജോർജ് മാനേജർ ആയി പ്രവർത്തിക്കുന്നു. ഹൈസ്കൂളിന് 2 കെട്ടിടങ്ങളായി 7 ക്ലാസ്സ് മുറികളും വൊക്കേഷണൽ ഹയർ സെക്കണ്ടറിയ്ക്ക് ഒരു കെട്ടിടത്തിലായി 4 ക്ലാസ്സ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും മതേതരത്വം ഉയർത്തുക.
2. സ്കൂളിൽ ജനാധിപത്യം സംരക്ഷിക്കുക
3. സാമൂഹികനീതി ഉറപ്പുവരുത്തുന്ന സാഹചര്യം സ്കൂളിൽ സൃഷ്ടിക്കുക.
4. ഓരോ വിദ്യാർത്ഥിയെയും മനുഷ്യസ്നേഹിയും രാജ്യ സ്നേഹിയുമായി വളർത്തിയെടുക്കുക.
5. മതപരമോ ലിംഗപരമോ ആയ വിവേചനം ഇല്ലാത്ത വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.
6. മദ്യം മയക്കുമരുന്ന് തുടങ്ങിയ സാമൂഹിക തിന്മകളെ തിരിച്ചറിയുന്നതിനും അതിനെതിരെ പ്രതികരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.
7. എല്ലാ കുട്ടികളും ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷകളിൽ അനായാസം ആശയവിനിമയം ചെയ്യുന്നതിന് പ്രാപ്തരാക്കുക.
8. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ കരുതലും പരിഗണനയും നല്കുക
9. പ്ലാസ്റ്റിക് വിമുക്ത വിദ്യാലയ പരിസരം സൃഷ്ടിക്കുക.
10. കാർഷിക വൃത്തിയെ പ്രോത്സാഹിപ്പിക്കുക. പച്ചക്കറിതോട്ടനിർമ്മാണം, വിഷരഹിതപച്ചക്കറി നിർമ്മാണം എന്നിവ നടപ്പിലാക്കുക.
11. ജൈവവൈവിധ്യപാർക്ക്, ഔഷധോദ്യാനം എന്നിവയിലൂടെ സ്കൂളും പരിസരവും മനോഹരമാക്കൽ
12. ഐ.സി.റ്റി സാധ്യത പരാമാവധി ഉപയോഗപ്പെടുത്തി പഠനാനുഭവങ്ങൾ സൃഷ്ടിക്കുക.

# പ്രതീക്ഷിക്കുന്ന അക്കാദമികനേട്ടങ്ങൾ

- 1 മുതൽ 12 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. ഒപ്പം, മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിക്കപ്പെടും.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- മികച്ച ശാരീരിക – മാനസിക – വൈകാരിക – ആരോഗ്യം ഉറപ്പാക്കും.

- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.
- ആരോഗ്യകരമായ സ്ത്രീ– പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക
- വിദ്യാലയ പ്രവർത്തനങ്ങൾക്കു പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയസംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗങ്ങളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക.

- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക.
- പഠനത്തെ പരിസര ബന്ധിയും ജീവിത ഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്കൂൾ ക്യാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം, വിമർശന അവബോധം, എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.
- സമയബന്ധിതമായ ഉദ്യോഗസ്ഥതല മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കുക.

*ഈ ലക്ഷ്യങ്ങൾ സാർത്ഥകമാക്കുന്നതിന് സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ അനിവാര്യമാണ്.*

# അക്കാദമിക മാസ്റ്റർപ്ലാൻ

## നിർവ്വഹണ പദ്ധതി

## 2025- 26

Name of the school :- ST. Mary's VHSS Valiyakunnam

Section :- UP

Subject :- Social Science

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ, ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | അക്കത്തോട്:- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | | ഓർമ്മച്ചെപ്പ്:- അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, സ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയവ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ- ജൂലൈ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്. ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉൾപ്പെടെ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ എങ്ങനെ ഏർപ്പെടാം എന്നതിനെകുറിച്ച് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രേരിപ്പിക്കുന്നു. | നമ്മുടെ നുറുങ്ങുവെട്ടം:<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച മേഖലകൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. വിദ്യാലയത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമെത്തിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം:<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സെൽ ഉദ്യോഗസ്ഥരുടെ ട്രാഫിക് പോലീസിന്റെയും സഹായത്തോടെ | | | |

| | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക. | |
| 6. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുപർവ്വത്തിലേക്ക്<br>സിവിൽ സർവ്വീസ്, PSC പരീക്ഷകളുൾപ്പെടുന്ന [illegible] നേടും വിധം അറിവിന്റെ വിസ്മയ ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കണ്ടെത്തുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

UP : മലയാളം അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

| ക്രമ നമ്പർ | മേഖല | കാലയളവ് | പ്രവർത്തനങ്ങൾ | സംഘടനാ ചുമതല | സാമ്പത്തികം, ഏജൻസി | |
|---|---|---|---|---|---|---|
| 1 | ഭാഷാപരം | 1 മാസം | നിഘണ്ടു നിർമ്മാണം (1 യൂണിറ്റ്) | ഭാഷാധ്യാപകർ, ഭാഷാ ക്ലബ്ബ് | ഇല്ല | |
| 2 | ഭാഷാപരം | 1 ആഴ്ച | വായനാ കാർഡുകൾ | ഭാഷാധ്യാപിക, രക്ഷകർത്താക്കൾ | ഇല്ല | |
| 3 | സാഹിത്യം | രണ്ടുദിവസം | കഥ, കവിത, രചനകൾ | ഭാഷാധ്യാപിക | ഇല്ല | |
| 4 | സർഗാത്മകത | 1 ആഴ്ച | ദൃശ്യാവിഷ്കാരം (പാഠഭാഗം) | ഭാഷാധ്യാപിക, ക്ലാസ് ഗ്രൂപ്പ്, വിദ്യാരംഗം | അഞ്ഞൂറ് | |
| 5 | കല | 1 ആഴ്ച | കാവ്യകേളി | വിദ്യാരംഗം, ലൈബ്രറി | ഇല്ല | |
| 6 | സാഹിത്യം | ഒരുവർഷം | ~~ലൈബ്രറി~~ കഥ [illegible] | ലൈബ്രറി | ഇല്ല | [signature] |

Academic Master plan UP :, English, Science

2025-26

| Aim | Activities. | Month | Responsible person | Economic Source. |
| --- | --- | --- | --- | --- |
| To encourage Listening and speaking<br><br>Introduce different genres (fiction, non fiction., poetry.)<br>Enhance Vocabulary<br>Enhance listening skills | Interactive story telling Sessions discussing themes, Characters and plots to enhance listening skills.<br>Group discussions and role play to improve Speaking skills.<br>Vocabulary games and exercises to build word knowledge | June | English Teacher | English club. |
| To encourage Reading<br>Develop basic reading writing listening and Speaking skills. | Interactive Reading Circles<br>Divide student in to small groups and provide them with age appropriate texts such as short stories or experts form novels. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ശുദ്ധവായു ലഭിക്കുന്നതിന് നിന്നും ലഭിക്കുന്ന [illegible] | നിശാഗന്ധി, ജൈവപച്ചക്കറി പ്ലാസ്റ്റിക് ഉപയോഗനിരോധനം, പച്ചക്കറി ക്രമീകരണം, ശേഖരണം കൃഷി, ജൈവവേലി, ശുദ്ധജല ജലാശയ സംരക്ഷണം ചന്തയിൽ ഉൽപന്നങ്ങളിൽ ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | June | Science Teacher Energy club, Science club, Health club. | PTA |
| വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ | വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ ജൈവവൈവിധ്യ Register നിർമ്മാണം, കാവുകൾ സംരക്ഷണം, [illegible] നിർമ്മാണം, [illegible] [illegible] | July. | ,, ,, | Parents - |

# Academic Master plan

UP Maths 5,6,7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത കിറ്റ് ശേഖരം. കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് .... ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| 2) സങ്കീർണമായ ഗണിത ശാസ്ത്ര ചിന്തയും ആശയ രൂപീകരണ വികാസവും. | വിവിധ മോഡലുകൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ ചർച്ച ചെയ്യുന്നതിന് പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | അധ്യയന വർഷം. | ഗണിതാധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | ഗണിതക്ലബ്ബ് പി.ടി.എ. |
| 4) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ. | ഗണിത ഗ്രാമം<br>ഗണിത പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയത്തിൽനിന്നോ മറ്റ് മേഖലയിൽ പ്രവർത്തിക്കുന്നവർ) ചിന്തോദ്ദീപകം നൽകുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിതാധ്യാപകർ ക്ലബ്ബ് ലീഡർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | IT സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ തുടങ്ങിയ പ്രവർത്തനങ്ങൾ IT സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരുപ്രാവശ്യം | ഗണിത അധ്യാപകർ | |
| 6. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഗണിതാധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| 7) വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | അതാത് സമയം. | SRG. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

വിഷയം: മലയാളം ക്ലാസ്: 8:9:10

| | മേഖല | പ്രവർത്തനം | ലക്ഷ്യം |
|---|---|---|---|
| 1. | വായന | പാഠപുസ്തകങ്ങൾ, കഥ, നോവൽ, ലേഖനം ഇടങ്ങിയവ വായിപ്പിക്കുന്നു. വായനാക്കുറിപ്പ് തയ്യാറാക്കുന്നു. | വായനയിലേക്ക് തിരിച്ചുകൊണ്ടുവരുക. പുതിയ വായനാനുഭവം വഴി മലയാള സാഹിത്യത്തിന്റെ ഇതര മേഖലകൾ പ്രസ്ഥാനങ്ങൾ തിരിച്ചറിയുക. |
| 2 | കവിതാലാപനം | കവിതകൾ നൽകി, ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു. വഞ്ചിപ്പാട്ട്, കവിത, നാടൻപാട്ട്, പദ്യപാരായണം എന്നിവ വ്യത്യസ്ത താളം ഈണം ഇവ അവതരിപ്പിക്കുന്നു. | വ്യത്യസ്തതകൾ തിരിച്ചറിയുക. ഈണത്തിൽ ചൊല്ലാൻ കഴിവ് നേടുക. |
| 3. | ആസ്വാദനം<br>പ്രസംഗം<br>നാടകം | കഥ, കവിത എന്നിവ വായിച്ച് ആസ്വാദനം തയ്യാറാക്കുക.<br>നാടകവേദി സംഘടിപ്പിക്കുക, രചനകൾ നാടകം അവതരിപ്പിക്കുക. | കഥ, കവിത, നാടകം ഇവയുടെ സവിശേഷതകളും അവതരണവും പ്രയോഗങ്ങളും മനസിലാക്കുക. |
| 4. | അർത്ഥം, സമാനപദങ്ങൾ, വിപരീതം, സമസ്തപദം, ഘടകപദം | നിഘണ്ടു നിർമ്മാണം<br>പദകോശം<br>പദം പിരിക്കൽ, ഉപപദങ്ങൾ ഇടങ്ങിയവ പരിശീലിപ്പിക്കുന്നു. | കുട്ടികളുടെ പദസമ്പത്ത് വർദ്ധിക്കുക. അർത്ഥത്തിൽ നിന്ന് ആശയത്തിലേക്ക് നയിക്കുക. |

# ACADEMIC MASTER PLAN
# (2025 – 2026)

Subject: ENGLISH

Classes: VIII to X

| Aim | Activity Conducted | Time (Month) | In-charge | Remarks |
|---|---|---|---|---|
| 1. Improve reading fluency and Confidence. | News Reading, Text Reading | June - March | English Teacher | Continuous activity |
| 2. Develop expression and pronunciation skills | Recitation (Poetry/Dialouge) | July | English Teacher | Classwise |
| 3. Enhance Public Speaking and Critical thinking | Debate / Public Speaking | August | English Teacher/ Club | Inter-class/Inter-club. |
| 4. Encourage Creativity and writing skills | Story writing | September | English Teacher/ Club | Inter-class/Inter-club. |
| 5. Promote dramatization and Communication Skills. | Skit / Role-Play | October | English Teacher/ Club | Clubwise |
| 6. Foster literary appreciation and Vocabulary | English Fest (Quiz, Crossword, Spelling Bee, Essay). | November | English Teacher and Club | Annual Program |

| Aim | Activity Conducted | Time (Month) | In-Charge | Remarks |
| --- | --- | --- | --- | --- |
| 7. Enhance listening and Comprehension | Screening English Movies/ Documentaries followed by discussion | December | English Teacher | Weekly/ bi-weekly Session |
| 8. Improve group work and analytical reading | Book Review | January | English Teacher | |
| 9. Improve Students Knowledge retention | Revision | February | English Teacher | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 2026
## ഹിന്ദി

स्कूल : संन्ट मेरीस वी. एच. एस एस वलियकुन्नम
विभाग : कक्षा V से X
विषय : हिन्दी

---

ലക്ഷ്യങ്ങൾ

അക്ഷരങ്ങളും, പദങ്ങളും, ആശയങ്ങളും ഉറപ്പിക്കുക.
കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്ക
എല്ലാ കുട്ടികളും വായിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു.

| ക്രമ: നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|---|
| 1. | <u>5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ.</u><br><br>ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക.<br><br>രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു.<br>മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.<br><br>എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും, എഴുതാനും, സംസാരിക്കാനും, ആശയവിനിമയം നടത്താനും ഉള്ള ശേഷി വർദ്ധിപ്പിക്കാൻ പിന്നോക്കക്കാർക്ക് വേണ്ട പിന്തുണ നൽകുക. | അക്ഷരം എഴുതുന്നത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്.<br>Class ൽ അക്ഷരമാല പ്രദർശനം<br>കുട്ടിയുടെ നിലവാരം കണ്ടെത്തി പ്രീ-ടെസ്റ്റ് നടത്തുന്നു.<br><br>കഥ, വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു.<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ ഓഗസ്റ്റ് | അക്ഷരചാർട്ട്<br>പാഠപുസ്തകം |

| | | | | |
|---|---|---|---|---|
| 2. | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. | • വീട്ടിലും സ്കൂളിലും ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് കണ്ടെത്തി കുറിക്കുക.<br>• വായന കാർഡ് | സെപ്റ്റംബർ മുതൽ ഒക്ടോബർ | പാഠപുസ്തകം നിഘണ്ടു. |
| | ഹിന്ദിയിൽ ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക<br>ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക.<br>കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | • HS കുട്ടികളെ പാഠഭാഗം പഠിപ്പിച്ചു പ്രവർത്തനങ്ങൾ ഡയറി, കത്ത്, പോസ്റ്റർ, എന്നിവ ചെയ്യും<br>• ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ<br>• പല വാർത്തകൾ കൂട്ടിച്ചേർന്ന് | നവംബർ മുതൽ ഫെബ്രുവരി | പാഠപുസ്തകം |

Jaslme Anna Sam

St. Mary's HSS Valyakam.

Class 9,10

# Academic Master Plan 2025-2026

## Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശാസ്ത്രലോകത്ത് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുക. | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ്, പി.ടി.എ |
| 2. ഹൈടെക് ലാബ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | സയൻസ് ലാബ്, ഐ.ടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക് വർഷം 1 തവണ | സയൻസ് അധ്യാപകർ | പി.ടി.എ |
| 3. [illegible] പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യത്തെ സൂക്ഷിക്കുന്നു. | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. [illegible]<br>അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കുക, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ ഉച്ച ഭക്ഷണത്തിൽ ഔഷധ തോട്ടം, പച്ചക്കറി തോട്ടം നിർമ്മിക്കൽ | അക്കാദമിക് വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിതസേന ക്ലബ്ബ് | കൃഷി വകുപ്പ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധന ക്യാമ്പസ് | അക്കാദമിക് വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. ശാസ്ത്രജ്ഞന്മാരുമായി സംവദിക്കൽ | അക്കാദമിക് വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

# അക്കാദമിക മാസ്ററർ പ്ലാൻ

ഗണിതം

എച്ച് എസ് വിഭാഗം

| മാസം | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| ജൂൺ | കുട്ടികളുടെ മുന്നറിവ് പരിശോധന | കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിനുള്ള ടെസ്റ്റ് നടത്തുന്നു ഈ ടെസ്റ്റിന് പ്രത്യേകം മോഡ്യൂൾ തയ്യാറാക്കുന്നു തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ നേതൃത്വത്തിൽ പരിഹാരബോധന പ്രക്രിയ നടത്തുന്നു . | ഗണിത അധ്യാപിക | രണ്ട് ആഴ്ച | |
| | കുട്ടികൾക്ക് ഗണിതത്തോടെ താൽപര്യമുണ്ടാക്കുക | ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു .ഒരു വർഷത്തേക്ക് വേണ്ട പ്ലാൻ തയ്യാറാക്കുന്നു. | | രണ്ടാഴ്ച | |
| | ജിയോജിബ്ര, AI തുടങ്ങിയ സങ്കേതങ്ങ | ജാമിതീയ രൂപങ്ങൾ അളവുകൾ ബന്ധങ്ങൾ ഇവ മനസ്സിലാക്കുന്നതിന് ജിയോജിബ്ര സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തുകയും പഠന വിഭവങ്ങൾ | | ഒരു മാസം | |

| | | | | | |
|---|---|---|---|---|---|
| | ൾ കൈകാര്യം ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുക | സ്വയം തയ്യാറാക്കുകയും ചെയ്യുന്നു. അനുയോജ്യമായ മോഡ്യൂൾ അധ്യാപിക തയ്യാറാക്കുന്നു | | | |
| ജൂലൈ | ജാമിതീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് ശേഷി നേടുക<br><br>ഗണിതത്തിന്റെ ചരിത്രം അറിയുക<br><br>മാറിയ ഗണിത സമീപനം ഉൾക്കൊണ്ടുകൊണ്ട് ഗവേഷണ പ്രോജക്ടുകൾ തയ്യാറാക്കുക | ജ്യമിതി പെട്ടിയിലെ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ജ്യാമിതീയ പാറ്റേണുകൾ നിർമ്മിക്കുക<br><br>ഗണിത ക്ലബ്ബിൻറെ പ്രവർത്തന ഭാഗമായി സംഖ്യകളുടെ വളർച്ച ചർച്ച ചെയ്യുന്നു. അതിൽ തന്നെ വിവിധ വിഷയങ്ങൾ തെരഞ്ഞെടുത്ത സെമിനാറുകൾ നടത്തുന്നു.<br><br>8 9 10 ക്ലാസ്സുകാർ തങ്ങളുടെ പാഠഭാഗവുമായി ബന്ധപ്പെട്ട ഗവേഷണാത്മക പ്രൊജക്ടുകൾ തയ്യാറാക്കുന്നു. | | ഒരു മാസം<br><br>രണ്ട് ആഴ്ച<br><br>ഒരു മാസം | |

| | | | | | |
|---|---|---|---|---|---|
| | | പൈ ദിനം ആചരിക്കുന്നു | | | |
| ഓഗസ്റ്റ് | പ്രായോഗിക ഗണിതത്തെ പറ്റി അറിയുക. | പലിശനിരക്കും എന്ന പാഠഭാഗത്തെ ആസ്പദമാക്കി നഷ്ടം, ലാഭം, കമ്മീഷൻ എന്നിവ ഉണ്ടാകുന്ന ധനകാര്യ സ്ഥാപനങ്ങൾ സന്ദർശിക്കുക അവിടുത്തെ പ്രവർത്തനങ്ങൾ മനസ്സിലാക്കുക കടക്കെണി എങ്ങനെ ഉണ്ടാകുന്നു എന്ന് മനസ്സിലാക്കുക. ബഡ്ജറ്റ് തയ്യാറാക്കുക. ഗണിത ക്ലബ്ബിന്റെ ഭാഗമായി പതിപ്പ് തയ്യാറാക്കുക | | | |
| | ഒന്നാം പാദവാർഷിക പരീക്ഷക്ക് തയ്യാറാകൽ | വിവിധ ചോദ്യപേപ്പറുകൾ ചർച്ച | | | |
| | നിത്യ ഗണിതത്തി | 6,7,8 പാഠപുസ്തകങ്ങളെ | | | |

| | | | | | |
|---|---|---|---|---|---|
| സെപ്റ്റം ബർ | ന്റെ വളർച്ച<br><br>ഗണിത ശാസ്ത്രജ്ഞത അറിയുക | ആസ്പദമാക്കി ബീജഗണിതത്തിനുണ്ടായ വളർച്ച ഗണിത ക്ലബ്ബിൽ ചർച്ച ചെയ്യുന്നു. പ്രശസ്തരായ ഗണിത ശാസ്ത്രജ്ഞർ ബീജഗണിതത്തിന്റെ വളർച്ചയ്ക്ക് നൽകിയ സംഭാവന സെമിനാറായി അവതരിപ്പിക്കുന്നു | | | |
| ഒക്ടോബർ | ഗണിതശാസ്ത്രമേളയുടെ പ്രാധാന്യം അറിയുക<br>ഗണിതശാസ്ത്രമേളയ്ക്കായി കുട്ടികളെ തയ്യാറാക്കുക | ഗണിതശാസ്ത്രമേളയുടെ ഓരോ വിഭാഗവും കുട്ടികളെ പരിചയപ്പെടുത്തുന്നു. പ്രാധാന്യം ബോധ്യപ്പെടുത്തുന്നു.<br><br>സ്കൂൾതല ഗണിതശാസ്ത്രമേള സംഘടിപ്പിക്കുന്നു. | | ഒരു ദിവസം<br><br>ഒരു ആഴ്ച | 2000 |
| നവംബർ | ഗണിതം നിത്യജീവിതത്തിൽ പ്രയോഗിക്കപ്പെടുന്ന സന്ദർഭങ്ങൾ അറിയുക<br><br>. | ജാമിതീയ അളവുകൾ കുട്ടികളിൽ ഉറപ്പിക്കുന്നതിനായി പ്രായോഗിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു. നിർമ്മാണ മേഖലകളിൽ ഉപയോഗിക്കുന്ന ഗണിതം മനസ്സിലാക്കുന്നതിനായി | | | 2500<br><br>1000 |

| | | | | | |
|---|---|---|---|---|---|
| | | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു<br><br>ഗണിത ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു | | | |
| ഡിസംബർ | രണ്ടാം പാദ വാർഷിക പരീക്ഷയ്ക്കായി കുട്ടികളെ തയ്യാറാക്കുക | രണ്ടാം പാദവർഷ പരീക്ഷയ്ക്കായി കുട്ടികളെ ഒരുക്കുന്നതിനായി പ്രത്യേകം മോഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകുന്നു.<br><br>പ്രശ്നങ്ങളെ എങ്ങനെ അപഗ്രഥിച്ച പരിഹരിക്കാം എന്നതിന് വേണ്ട പരിശീലനങ്ങൾ നൽകുന്നു.<br><br>അന്താരാഷ്ട്ര ഗണിതശാസ്ത്ര ദിനം ആചരിക്കുന്നു | | | |
| ജനുവരി | പത്താം ക്ലാസ് കുട്ടികൾക്ക് പരീക്ഷാ പരിശീലനം നൽകുന്നു.<br><br>അങ്കഗണിതം ബീജഗണിതം ജ്യാമിതി | പത്താം ക്ലാസുകാർക്ക് പരിഗണന ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു.<br><br>8 9 ക്ലാസിലെ കുട്ടികളെ ബീജഗണിതം ജ്യാമിതി അങ്ക ഗണിതം തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാൻ ഉതകുന്ന | | രണ്ടു മാസം<br><br>ഒരു മാസം | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## HS - SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| → സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടികളുടെ മുന്നറിവ് പരിശോധിക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാക്കളുടെ അറിവുകൾ പരിശോധിക്കുകയും ക്വിസ് മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്രാധ്യാപകർ. | |
| → ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുക | സ്കൂൾ ജനാധിപത്യവേദി ശക്തിപ്പെടുത്തൽ, ഇതിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടാനുള്ള അവസരമാക്കി മാറ്റൽ. | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| → കുട്ടികൾക്ക് സാമൂഹ്യ ശാസ്ത്രത്തോട് താൽപര്യം വളർത്തുക. | സോഷ്യൽ സയൻസ് ശാസ്ത്രമേള 8, 9, 10 ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സുകളിൽ നടക്കുന്ന ഉൽപന്നങ്ങളുടെ പ്രദർശിപ്പിക്കൽ.<br>• ക്വിസ്<br>• പ്രദർശനങ്ങൾ (ശേഖരണം, മോഡൽസ്) | IInd ടേം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | [illegible] | [illegible] | സാമാന്തികം |
|---|---|---|---|---|
| → വിവിധ ദിനാചരണങ്ങൾ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടികളെ പരിചയപ്പെടുത്തുന്നു. | വ്യത്യസ്ത ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. | | | |
| → ചരിത്ര വസ്തുതകൾ രേഖപ്പെടുത്താൻ പരിശീലിക്കുക. | കുട്ടികളെ പ്രാദേശിക ചരിത്ര രചന പരിശീലിപ്പിക്കൽ. | | | |
| → ലോകം, ഇന്ത്യ രാഷ്ട്രീയ ഭൂപടങ്ങളെപ്പറ്റി അറിവ് നേടുന്നു. | ഇന്ത്യൻ ഭൂസവിശേഷത, നദികൾ എന്നിവ അടങ്ങുന്ന ഇന്ത്യ ഭൂപടം, ലോകഭൂപടം എന്നിവ പരിചയപ്പെടാൻ - ഭൂപട നിർമ്മാണം. | | | |
| → വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങൾ, ലഹരിവിരുദ്ധ പ്രവർത്തനം എന്നിവയെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു. | ആധുനിക ലോകത്തിൽ നേരിടുന്ന സൈബർ കുറ്റകൃത്യങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനം എന്നിവയിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക - വിശകലനം |
| --- | --- | --- | --- | --- |
| * ലോകത്തെ സ്വാധീനിച്ച വിപ്ലവനായകന്മാർ, സാമൂഹ്യപരിഷ്കർത്താക്കൾ, സ്വാതന്ത്ര്യസമര സേനാനികൾ എന്നിവരെപ്പറ്റി അറിവ് നേടുക | ലോകത്തെ സ്വാധീനിച്ച വിപ്ലവ - നായകന്മാർ, സ്വാതന്ത്ര്യസമര നേതാക്കൾ എന്നിവരെക്കുറിച്ച് ധാരണ യുണ്ടാകുന്നതിന് ആൽബം തയ്യാ- റാക്കൽ | 1 മാസം | 8-10 ക്ലാസ്സ് | |

മേഖല : ഐസിടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| നിത്യ ജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിക്കും പരിശീലിപ്പിക്കുക. അതുവഴി സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടക്കുന്നു. | അക്കാദമിക വർഷം | ഐടി അധ്യാപകർ | |
| സ്മാർട്ട് ക്ലാസ്സ് റൂമുകൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുക. | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ്സ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി അധ്യാപകർ | |
| അക്കാദമികം-സ്കൂൾ തലത്തിൽ ICT അധിഷ്ഠിതമായ പ്രവർത്തനങ്ങൾ, ലിറ്റിൽ കൈറ്റ്സിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ | • ഡിജിറ്റൽ മാഗസിൻ നിർമ്മാണം (2025-28) ലിറ്റിൽ-കൈറ്റ്സ് ബാച്ച്.<br>• സ്കൂളിലെ വിവിധ ദിനാഘോഷങ്ങളുടെ ഡോക്യുമെന്റേഷൻ<br>• പുതിയ ബാച്ചിലേക്കുള്ള ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സെലക്ഷൻ എൻട്രൻസ് പരീക്ഷ.<br>• രക്ഷിതാക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരതാ ക്ലാസ്സ്.<br>• ഐടി എക്സ്പോ ഐടിയിലെ വിവിധ മേഖലയിലെ കുട്ടികളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠനബോധന പ്രക്രിയയിലും അറിവു നിർമ്മാണ പ്രക്രിയയിലും കമ്പ്യൂട്ടർ ഉൾച്ചേർന്നുള്ള വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക. | കുട്ടികൾക്കും ടീച്ചർക്കും (ട്രെയിനിംഗ്, ഇന്റർനെറ്റ് [illegible], ഫോൾഡർ നിർമ്മാണം തുടങ്ങിയവ) കമ്പ്യൂട്ടർ നൈപുണി വികസിപ്പിക്കുക. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | |
| 2. മാനവരാശി വികസിപ്പിക്കുന്ന അറിവിന്റെ അനന്തവസരങ്ങളിൽ അറിയാനുള്ള സാധ്യത പ്രയോജനപ്പെടുത്തുക. | സോഷ്യൽമീഡിയ, അനിമേഷൻ സാധ്യതകൾ പരിചയപ്പെടുത്തുക | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | |
| 3. നിർമ്മിതബുദ്ധി, റോബോട്ടിക്സ് എന്നിവയുടെ സാധ്യതകൾ പഠന പ്രക്രിയയിൽ പ്രയോജനപ്പെടുത്തുക. | ഓരോ വിഷയമേഖലകളിലും സാധ്യത പ്രയോജനപ്പെടുത്താനുള്ള അന്വേഷണ ചിന്ത. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | |
| 4. ഓരോ കാലഘട്ടത്തിലും സാങ്കേതികവിദ്യകൾ നൂതനമാകുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം. മാറിമാറി വരുന്ന സാങ്കേതികവിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | സൈബർ സെൽ ചൈൽഡ് ലൈൻ | |

## മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും വ്യായാമം, കുട്ടികൾ എന്നിവയുടെ കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | സ്കൂൾ അസംബ്ലിയിൽ ലഘുവ്യായാമ പ്രവർത്തനങ്ങൾ. സ്കൂൾ തലത്തിൽ വോളിബോൾ-ഫുട്ബോൾ മത്സരങ്ങൾ. സ്കൂൾ-സബ്ജില്ലാ-ജില്ല തലത്തിൽ കായിക ഇനത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ പങ്കെടുപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ചുമതലയുള്ള അധ്യാപിക | |
| • ആരോഗ്യകായിക വിദ്യാഭ്യാസത്തിന് പ്രാദേശിക-ലിംഗ വർഗ്ഗ ഭേദമന്യേ എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഒരുക്കുക. | UP-HS തലത്തിൽ ആൺ-പെൺ വ്യത്യാസം ഇല്ലാതെ എല്ലാ കുട്ടികളെയും വിവിധ കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ. | അക്കാദമിക വർഷം | | |
| • കുട്ടികൾക്ക് മാനസിക ഉല്ലാസം ഉറപ്പാക്കുകയും ചെയ്യുന്ന വിവിധ കായിക പ്രവർത്തനങ്ങൾ നൽകുക. | കരാട്ടെ പരിശീലനം. സുംബ ഡാൻസ്. | അക്കാദമിക വർഷം | | |

## മേഖല : തൊഴിൽ ഉദ്ദേശിത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വിവിധ തൊഴിൽ മേഖലകളെക്കുറിച്ച് അവബോധം നേടുന്നതിനും അതിലൂടെ ഇഷ്ടമേഖലകൾ ഏതൊക്കെയെന്ന് തിരിച്ചറിയുന്നതിന് പഠിതാക്കളെ പ്രാപ്തരാക്കുക. | വിവിധ തൊഴിൽ മേഖലകളിൽ നിന്നുള്ള കരിയർ ഗൈഡൻസ്, ബോധവൽക്കരണ ക്ലാസ്സുകൾ. | അക്കാദമിക വർഷം | ചുമതലയുള്ള അദ്ധ്യാപിക | |
| • തൊഴിൽ ഉദ്ദേശിത വിദ്യാഭ്യാസത്തിലെ വ്യത്യസ്തമേഖലകളായ കൃഷി, പാചകം, പ്ലംബിങ്ങ്, ക്ലേമോഡലിങ്ങ്, കരകൗശലം, വസ്ത്രനിർമ്മാണം എന്നിവയെ മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ അനുഭവവേദ്യമാക്കുക. | വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പരിശീലന ക്ലാസ്സുകൾ നൽകുക. | അക്കാദമിക വർഷം | | |
| • വിവിധ തൊഴിൽ നൈപുണികളുടെ വികാസത്തിലൂടെ പഠിതാക്കളിൽ വൈകാരിക സുസ്ഥിതി ഉറപ്പാക്കുക. | സ്കൂളിലെ വിവിധ ക്ലബുകളിലെ കുട്ടികൾ ചേർന്ന് ബൾബ് നിർമ്മാണം നടത്തുകയും പരിശീലനം നൽകുകയും ചെയ്യുന്നു. | അക്കാദമിക വർഷം | | |
| • പഠിതാക്കളുടെ നൈപുണി വികാസം വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ നൽകുകയും ചെയ്യുക. | തൊഴിൽ ഉദ്ദേശ്യവുമായി ബന്ധപ്പെട്ട് ലളിതമായ പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുക. | അക്കാദമിക വർഷം | | |

31

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷ യജ്ഞത്തോടനുബന്ധിച്ച് ഈ സ്കൂളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന , മുകളിൽ പരമാർശിക്കുന്ന പദ്ധതികൾ എല്ലാം തന്നെ നടപ്പിലാക്കാൻ
പി..ടി. എ. യുടെയും പ്രാദേശിക ഭരണ സംവിധാനങ്ങളുടെയും സ്കൂൾ സപ്പോർട്ട് ഗ്രൂപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.എസ്. എ. യും പൊതു സമൂഹത്തിന്റെയും പിന്തുണയും സഹായവും ലഭിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ആയതിനാൽ ജഗദീശ്വരൻ നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഈ അക്കാദമിക മാസ്റ്റർ എവരുടെയും സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തയ്യാറാക്കിയത്

എച്ച്.എം. ഇൻ ചാർജ് : ശ്രീലക്ഷ്മി.ആർ
എസ്. ആർ.ജി. കൺവീനർ : സൂസൻ പി
യു. പി. അധ്യാപകർ
എച്ച്. എസ്. അധ്യാപകർ